No. 85/2020

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
ലോകമൊട്ടാകെ പടർന്നുകൊണ്ട് സമസ്ത രാജ്യങ്ങളെയും മേഖലകളെയും ഗ്രസിച്ചിരിക്കുന്ന കൊവിഡ് 19 മഹാമാരിയുടെ നാളുകളിലൂടെയാണ് നാം കടന്നു പോകുന്നത്. രോഗബാധ ഒഴിവാക്കുന്നതിന് അതിതീവ്രമായ നിയന്ത്രണങ്ങളാണുള്ളത്. സർക്കാർ അനുവദിച്ച അംഗസംഖ്യയിലൊതുങ്ങി പള്ളികളിൽ ആരാധനകൾ നടന്നുവരുന്നു. നമ്മുടെ വിശ്വാസികൾ വീണ്ടും തങ്ങളുടെ ദൈവാലയങ്ങളിൽ എത്തിച്ചേർന്ന് ആരാധനകളിലും കൂദാശാനുഷ്ഠാനങ്ങളിലും പങ്കുചേരുവാൻ അനുമതി കാത്തിരിക്കുന്നു. ആദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്തനം പൂർണ്ണതോതിൽ നടത്താനാവുന്നില്ല. സാമ്പത്തികവും സാമൂഹികവുമായ അനിശ്ചിതാവസ്ഥ പ്രബലപ്പെട്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെയും സഭയുടെയും അഭിവൃദ്ധിയിൽ വലിയ പങ്കു വഹിക്കുന്നവരായി ലോകമെങ്ങുമുള്ള നമ്മുടെ സഭാമക്കളും അതീവ ദുഃഖത്തിലാണ്. ഗണ്യമായ ഒരു വിഭാഗം ജനങ്ങൾ കേരളത്തിലേക്ക് മടങ്ങുവാൻ തയ്യാറെടുക്കുന്നു. ലോകരാജ്യങ്ങളെല്ലാം കൊവിഡ് മഹാമാരിക്കെതിരെ സർവ്വശക്തിയോടുംകൂടെ പൊരുതുകയാണ്. ഭാരതത്തിന്റെയും കേരളസംസ്ഥാനത്തിന്റെയും സർക്കാർ നടപടികളും ഇവിടത്തെ ആരോഗ്യപ്രവർത്തകരുടെ പ്രവർത്തന ശൈലിയും, രോഗപ്രതിരോധ പ്രവർത്തനങ്ങളും ലോകരാജ്യങ്ങളുടെ പ്രശംസയ്ക്ക് ഇടയാക്കിയിരിക്കുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. കൊവിഡ് മഹാമാരിയുടെ ഈ വിഷമഘട്ടം നീങ്ങിപ്പോകുന്നതിന് ബലഹീനനായ നാമും നമ്മുടെ സഹോദരമേൽപ്പട്ടക്കാരും വൈദിക ഗണങ്ങളും വിശ്വാസികളും ലോകത്തിനു മുഴുവനും വേണ്ടി നിത്യേന ഹൃദയം നുറുങ്ങി പ്രാർത്ഥിക്കുന്നുണ്ട്. "രക്ഷിപ്പാൻ കഴിയാതെവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല, കേൾപ്പാൻ കഴിയാതെവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല (യെശയ്യ 59:1)" എന്ന് നാം നിങ്ങളെ ഓർമ്മിപ്പിക്കട്ടെ. യിസ്രായേൽ മക്കളുടെ കഷ്ടത കണ്ട്, അവരുടെ നിലവിളി കേട്ട്, സഹായിപ്പാൻ ഇറങ്ങിവന്ന യഹോവയാം ദൈവം ഈ പ്രതിസന്ധി തരണം ചെയ്യുവാൻ നമ്മെ സഹായിക്കും എന്ന് പൂർണ്ണമായി വിശ്വസിക്കാം.

കർത്താവിൽ പ്രിയരെ,
നമ്മുടെ സഭയുടെ കേന്ദ്ര തലത്തിലും, മെത്രാസന-ഇടവക തലങ്ങളിലും മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തത്ര ക്ലേശകരമായൊരു സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. നിലവിലുള്ള സാഹചര്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ താഴെ പറയുന്ന സംഗതികൾ നമുക്ക് നിരീക്ഷിക്കാവുന്നതാണ്:

1. പ. സഭ ദൈവാലയ കേന്ദ്രീകൃത ആരാധനയ്ക്കും കുടുംബാരാധനയ്ക്കും വ്യക്തിഗതമായ പ്രാർത്ഥനകൾക്കും പ്രാധാന്യം നൽകുന്നു. കൊവിഡ് 19 ലോക്ക്ഡൗൺ മൂലം വിശ്വാസികൾക്ക് ദൈവാലയത്തിൽ എത്തിച്ചേരുവാനും കൂദാശാനുഷ്ഠാനങ്ങളിൽ പങ്കുചേരുവാനും സാധിക്കുന്നില്ല. ഈ സ്ഥിതി എന്ന് അവസാനിക്കും എന്ന് പറയാനാവില്ല. അതിനാൽ തന്നെ ഓൺലൈൻ ആയും സാമൂഹിക മാധ്യമങ്ങൾ വഴിയും സമൂഹ ആരാധനയിൽ പങ്കുചേരുന്നവരാണ് എല്ലാവരും.

(മറുപുറം)

2. ലോക്ക്ഡൗൺ കാലയളവിൽ ഉണ്ടായിരിക്കുന്ന സ്തംഭനാവസ്ഥ മൂലം സാമ്പത്തികക്ലേശം, തൊഴിൽ നഷ്ടം എന്നിവ അനുഭവിക്കുന്നവരുടെ സംഖ്യ വളരെയധികമാണ്. അനേകം കുടുംബങ്ങളുടെ വരുമാനം പൂർണ്ണമായി നിലച്ചിരിക്കുന്നു. സാമ്പത്തിക അരക്ഷിതാവസ്ഥ നേരിടേണ്ടി വരുന്നത് ഏവരെയും വല്ലാതെ ബാധിക്കുന്നുണ്ട്.

3. കൊവിഡ് 19 രോഗത്തെക്കുറിച്ചുള്ള വാർത്തകളും രോഗവ്യാപനത്തിന്റെ തീവ്രതയും ജനങ്ങളിൽ വലിയ വൈകാരിക പ്രതികരണങ്ങൾക്ക് കാരണമാകുന്നുണ്ട് - വിശേഷിച്ച് രോഗികളിലും വൃദ്ധജനങ്ങളിലും. ഇത് ഏറെ മാനസിക സംഘർഷം ഉളവാക്കുന്നു.

4. വരുമാനത്തിലുണ്ടായിരിക്കുന്ന കുറവും, ലോക്ക് ഡൗൺ അനുബന്ധ മാനസിക സംഘർഷങ്ങളും പല കുടുംബങ്ങളിലും ആശയക്കുഴപ്പങ്ങൾക്കും ദാമ്പത്യപ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്.

5. ഇടവകകൾക്ക് ലഭിക്കേണ്ട മാസവരി മാത്രമല്ല, കാണിക്ക മുതലായവയും കേന്ദ്ര തലം വരെ ലഭിക്കേണ്ട ഇതര ഇനങ്ങളിലുള്ള വരുമാനങ്ങളും മുടങ്ങിയിരിക്കുന്നു. മാത്രമല്ല, ദേശത്തും വിദേശത്തുമുണ്ടായിരിക്കുന്ന സാമ്പത്തിക അരക്ഷിതാവസ്ഥ മൂലം സഭാമക്കളിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന സംഭാവനകൾക്കും തടസ്സം നേരിട്ടിരിക്കുകയാണ്.

6. സഭയുടെ ഉടമസ്ഥതയിൽ നടത്തപ്പെടുന്ന ആശുപത്രികളും ജീവകാരുണ്യ പദ്ധതികളും സ്തംഭനാവസ്ഥയിലാണ്. വരുമാനത്തിലുണ്ടായ ഇടിവുമൂലം ജീവനക്കാരുടെ ശമ്പളവും ഇതര പ്രവർത്തനചെലവുകളും കണ്ടെത്തുന്നത് മിക്കവാറും അസാധ്യമായിരിക്കുന്നു.

മേൽപറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്ത് കൊവിഡ് 19 അനുബന്ധ ക്ലേശങ്ങൾ ഒഴിവാകുന്നതുവരെ സഭയുടെയും സഭാസ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ചെലവുകൾ പരമാവധി പരിമിതപ്പെടുത്തേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. ആയതിന് ചില നിർദ്ദേശങ്ങൾ നാം നിങ്ങളെ അറിയിക്കുന്നു:

1. പ. സഭയുടെ പൊതുവായിട്ടുള്ള ചെലവുകളും മെത്രാസനങ്ങളുടെയും സ്ഥാപനങ്ങളുടെയും ഇടവകകളുടെയും പ്രവർത്തന ചെലവുകളും പരമാവധി നിയന്ത്രിക്കുക. സഭാ കേന്ദ്രവും മെത്രാസന കേന്ദ്രങ്ങളും ഇടവകകളും ആത്മീയ പ്രസ്ഥാനങ്ങളും കൃത്യമായ ആസൂത്രണത്തോടും ദീർഘവീക്ഷണത്തോടും കൂടെ മാത്രം ചെലവുകൾ നടത്തണം.

2. ചെലവുകൾക്ക് മുൻഗണനാക്രമം നിശ്ചയിക്കുകയും അതിൻപ്രകാരം മാത്രം ചെലവുകൾ നടത്തുകയും ചെയ്യുക.

3. ലോക്ക് ഡൗൺ കാലയളവിലും തുടർന്നും ആരാധനകൾ തടസ്സംകൂടാതെ നിർവ്വഹിക്കുന്നതിനും ഇടവകകളുടെ മെത്രാസനവിഹിതം, ശുശ്രൂഷകരുടെയും പള്ളി മൂപ്പന്മാരുടെയും ഇതര ജീവനക്കാരുടെയും ശമ്പളം എന്നിവയ്ക്ക് തടസ്സം ഉണ്ടാകാതിരിക്കുവാനും ഇടവകകൾ ശ്രദ്ധിക്കുക.

4. അനിവാര്യമായ അറ്റകുറ്റപ്പണികൾ ഒഴികെയുള്ള നിർമ്മാണ പ്രവർത്തനങ്ങളും വികസന പ്രൊജക്ടുകളും കഴിവതും ഒഴിവാക്കുക.

5. ഇടവകകളിലേക്ക് പണം അയയ്ക്കുന്നതിനും ഇടവകകളിൽ നിന്ന് മെത്രാസനത്തിലേക്ക് പണം അയയ്ക്കുന്നതിനും ഓൺലൈൻ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കണം. സഭാ കേന്ദ്രത്തിലേക്ക് ഓൺലൈൻ ആയി തുകകൾ അയയ്ക്കുന്നതു സംബന്ധിച്ച വിവരങ്ങൾ www.mosc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

6. ലോക്ക് ഡൗണിന്റെയും തുടർന്നുവരുന്ന സാമ്പത്തിക നിയന്ത്രണങ്ങളുടെയും കാലത്ത് നമ്മുടെ ഇടവകകൾ ആർഭാടങ്ങൾ പരമാവധി ഒഴിവാക്കണം. പെരുന്നാളുകളും ഇതര ആഘോഷങ്ങളും ഏറ്റവും ലളിതമായി നടത്തണം. ഇടവകകളുടെ ധനവിനിയോഗം ചിട്ടയോടും, കാര്യക്ഷമതയോടും കൂടെ നിർവ്വഹിക്കുകയും ആഡംബരങ്ങൾ ഒഴിവാക്കുകയും വേണം.

(മറുപുറം)

7. പ്രതിസന്ധി കാലഘട്ടമാണെങ്കിലും ധനാഗമ മാർഗ്ഗങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുകയും ഇടവകകളുടെയും പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങൾ കുറവുകൂടാതെ നടത്തുവാൻ ചുമതലക്കാർ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യണം.

8. നമ്മുടെ ഭവനങ്ങളും ദേവാലയങ്ങളും ആശ്വാസത്തിന്റെ തുരുത്തുകളാവണം. കുടുംബാംഗങ്ങൾ ഒരുമിച്ച് നിഷ്ഠയോടുകൂടെ പ്രാർത്ഥനകൾ നടത്തണം. ഇടവകയ്ക്ക് നൽകേണ്ട വിഹിതങ്ങൾ നൽകുവാൻ നമ്മുടെ വിശ്വാസികൾ തങ്ങളുടെ കഴിവിന്റെ പരമാവധി ശ്രമിക്കണം. ഇടവകകളുടെ പരിധിക്കുള്ളിൽ ആർക്കെങ്കിലും സഹായം എത്തിക്കേണ്ടതുണ്ടെങ്കിൽ നിയമപരമായ വിധത്തിൽ അവരെ സഹായിക്കുവാൻ ഇടവകകൾ ഉത്സാഹിക്കണം.

9. പ. സഭ നടത്തുന്ന കൊവിഡ് 19 അനുബന്ധ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് കൊവിഡ് പ്രതിസന്ധി അവസാനിക്കുന്നതുവരെ ഓരോ മാസവും സമർപ്പിക്കുവാൻ ബഹു. ഭാരത സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നമ്മുടെ ഇടവകകളുടെയും മെത്രാസനങ്ങളുടെയും ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കൊവിഡ് 19 പ്രവർത്തനങ്ങളുടെ പ്രതിമാസ വിവരങ്ങൾ സമാഹരിച്ച് നൽകുവാൻ നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനാൽ റിപ്പോർട്ട് സമർപ്പിക്കേണ്ട സമയക്രമം അതത് മെത്രാസന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് മനസ്സിലാക്കി അതിൻപ്രകാരം ഓരോ ഇടവകയിൽ നിന്നുമുള്ള ടി റിപ്പോർട്ട് മെത്രാസന കേന്ദ്രങ്ങളിൽ സമർപ്പിക്കേണ്ടതാണ്.

വീണ്ടും പ്രിയമുള്ളവരെ,

കൊവിഡ് 19 രോഗബാധ നീങ്ങിപ്പോകുന്നതിന് നമ്മുടെ പ്രാർത്ഥന തുടരേണ്ടത് ഏറ്റവും ആവശ്യമാണ്. പുരാതനനായ ദൈവം നമ്മുടെ സങ്കേതമാണ്; അവിടുത്തെ ശാശ്വത ഭുജങ്ങൾ നമ്മെ സഹായിപ്പാൻ ഉണ്ട് എന്ന സത്യം നാം വിസ്മരിക്കരുത്. നമുക്ക് ദൈവകൃപയിൽ ആശ്രയിക്കാം. നമ്മുടെ മേൽപ്പട്ടക്കാരുടെയും വൈദികരുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും ചുമതലയിലുള്ള പ്രാർത്ഥനാ ചെയിനുകളും വിശ്വാസികളെ ധൈര്യപ്പെടുത്തുന്നതിനുള്ള പ്രബോധനങ്ങളും ഓർത്തഡോക്സ് വിശ്വാസപഠനം, സൺഡേസ്കൂൾ, ഒ. വി. ബി. എസ്. പ്രവർത്തനങ്ങളും നവമാധ്യമങ്ങളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി നടന്നുവരുന്നത് ഏറെ ശ്ലാഘനീയമാണ്. പ്രഭാതത്തിലും സായാഹ്നത്തിലുമുള്ള യാമനമസ്കാരങ്ങളോട് ചേർന്നും, മദ്ധ്യാഹ്നത്തിലും നമ്മുടെ വിശ്വാസികൾ ഏവരും കൊവിഡ് 19 രോഗബാധ നീങ്ങിപ്പോകുന്നതിനായി പ്രത്യേകം പ്രാർത്ഥിക്കണം എന്നാണ് നാം ആഗ്രഹിക്കുന്നത്. ഇതിന് സഹായകമായി നിശ്ചിത പ്രാർത്ഥനാസമയങ്ങളിൽ നമ്മുടെ ദേവാലയങ്ങളിൽ മണി മുഴക്കുന്നത് നന്നായിരിക്കും. കൊവിഡ് രോഗബാധ നീങ്ങിപ്പോകുവാൻ പ്രാർത്ഥിക്കുന്നതിനൊപ്പം അതതുദേശത്തിന്റെ സുരക്ഷയെ കരുതി അധികാരികൾ നൽകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായി അനുസരിക്കുവാനും നാമേവരും പ്രത്യേകം ശ്രദ്ധിക്കണം. പ്രകൃതിയോടും പരിസ്ഥിതിയോടും ഇണങ്ങിയ ജീവിത ശൈലി സ്വാംശീകരിക്കുവാൻ ശ്രമിക്കണം. മനുഷ്യന്റെ ഉപഭോഗതൃഷ്ണമൂലം താളം തെറ്റിയ പ്രകൃതി അതിന്റെ താളം വീണ്ടെടുക്കുന്ന കാഴ്ചയും നാം കാണുന്നുണ്ടല്ലോ. ആത്മീക ജീവിത നിഷ്ഠയും ലളിതജീവിതശൈലിയും പിൻതുടർന്നുകൊണ്ട് കൊവിഡ് മഹാമാരിയുടെ ഭീഷണി അതിജീവിക്കുവാനും വരുംകാലത്ത് തികഞ്ഞ ദൈവാശ്രയത്തോടുകൂടെ പ്രവർത്തിക്കുവാനും ദൈവം തമ്പുരാൻ നാമേവരെയും സഹായിക്കട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസ്യോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 മെയ് മാസം 1-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.